വൈദ്യുതി സ്ഥാപിത ശേഷി

17 (*195) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. യു. എസ്. ശശി :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള വൈദ്യുതി സ്ഥാപിതശേഷിയും ഇപ്പോഴത്തെ വൈദ്യുത ശേഷിയും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 1991-96 കാലഘട്ടത്തിലും 1997-2000 വരെ ഉല്പാദിപ്പിച്ച അധിക വൈദ്യുതിയുടെ അളവും എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) മൊത്തത്തിൽ വൈദ്യുതിശേഷി വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വൈദ്യുതി സ്ഥാപിതശേഷി 1505.5 മെഗാവാട്ടായിരുന്നു. ഇപ്പോഴത്തെ സ്ഥാപിതശേഷി 2512.6 മെഗാവാട്ടാണ്.

(ബി) 1991-96 കാലഘട്ടത്തിലെ 5 വർഷ കാലയളവിൽ സംസ്ഥാനത്ത് 30,575.06 മി.യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നു. 1997-2000 വരെയുള്ള 3 വർഷ കാലയളവിൽ സംസ്ഥാനത്ത് മൊത്തം 21936.46 മി.യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്ന 1996 മേയ് മാസം മുതൽ 2001 ജനുവരി വരെയുള്ള കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 34652.31 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. 1991-96 കാലഘട്ടത്തിൽ സ്ഥാപിതശേഷിയിൽ 17 മെഗാവാട്ട് വർദ്ധനവ് വന്നപ്പോൾ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥാപിതശേഷിയിൽ 1007.10 മെഗാവാട്ട് വർദ്ധനവ് കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) വൈദ്യുതി ശേഷി വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്.

1. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.
2. പുതുതായി താപജല വൈദ്യുത പദ്ധതികൾ ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുക.
3. പഴക്കംചെന്ന പദ്ധതികളുടെ നവീകരണം, ആധുനികവൽക്കരണം ശേഷി വർദ്ധിപ്പിക്കൽ എന്നിവ നടപ്പാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

4. കാപ്റ്റീവ് പദ്ധതികൾ അനുവദിക്കുക.

പണി നടന്നുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ പണി ത്വരിതപ്പെടുത്തുന്നതിനായി ഓരോ പദ്ധതി പ്രദേശത്തും വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ ജില്ലാ കളക്ടർ ബന്ധപ്പെട്ട ബോർഡ് ഉദ്യോഗസ്ഥർ ഇവർ ഉൾക്കൊള്ളുന്ന ജനകീയ സമിതികൾ രൂപീകരിച്ചു. ബോർഡ് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയുടെ മേൽനോട്ടത്തിലും സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനും ഓരോ പദ്ധതിക്ക് പൂർണ്ണ ചുമതലയുള്ള പ്രോജക്ട് മാനേജർമാരെ നിയമിച്ചു. ഓരോ വർക്കിനും ടാർജറ്റ് നിശ്ചയിച്ച് ജോലികൾ നടത്തിയതിന്റെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1007.10 മെഗാവാട്ട് സ്ഥാപിതശേഷിയിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്.

മിനിമം വേജസ് നടപ്പിലാക്കാൻ നടപടി

18 (*196) ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികളെ മിനിമം വേജസ് നിയമപരിധിക്കുള്ളിൽ കൊണ്ടുവരുന്നതിനുള്ള നടപടികളുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ തൊഴിൽ മേഖലകളിലെ തൊഴിലാളികളെ ഇതിനകം പ്രസ്തുത നിയമപരിധിക്കുള്ളിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കൂടുതൽ തൊഴിൽ മേഖലകളിലെ തൊഴിലാളികളെ മിനിമം വേജസിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഏതൊക്കെ തൊഴിൽമേഖലകളിലെ തൊഴിലാളികളെ എന്ന് വ്യക്തമാക്കുമോ ;

(ഡി) തൊഴിലാളികളെ പ്രസ്തുത നിയമപരിധിയിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡം വെളിപ്പെടുത്തുമോ ;

(ഇ) മിനിമം വേതന നിയമം പാലിക്കപ്പെടാതെ വരുന്ന പ്രവണത കണ്ടു വരുന്നുണ്ടോ ;

(എഫ്) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം മിനിമം വേതന നിയമലംഘനം സംബന്ധിച്ച് എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly